ബിൽഡിംഗ് സെൻററുകൾ

*217 [353] ശ്രീ. ടി. എസ്. ജോൺ:
,, എം. വി. മാണി:
,, വി. വി. ജോസഫ്:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആസ്ഥാനങ്ങളിൽ ബിൽഡിംഗ് സെൻററുകൾ സ്ഥാപിക്കുന്നതിന് ഗവൺമെൻറ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻെറ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ദുർബല വിഭാഗങ്ങൾക്ക് ഭവനനിർമ്മാണ സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതിനകം ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ, ബി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കെട്ടിടനിർമ്മാണത്തിനുപയോഗിക്കുന്ന സാമഗ്രികൾ ചുരുങ്ങിയ ചെലവിലും അനുയോജ്യമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും നിർമ്മിക്കുവാനായി നിർമ്മിതി കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്.

(സി) കൊല്ലം ജില്ലയിൽ നിർമ്മിതി കേന്ദ്രം ആരംഭിച്ചു കഴിഞ്ഞു. മറ്റു ജില്ലകളിൽ ഇങ്ങനെയുള്ള കേന്ദ്രങ്ങൾ ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത കാലത്ത് ഭവനനിർമ്മാണത്തിലുണ്ടായ വർദ്ധനമൂലം ഇതിനാവശ്യമായ സാധനവില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കാൻ മിക്ക ജില്ലകളിലും നിർമ്മാതാക്കളുമായി ജില്ലാ കളക്ടർമാർ ചർച്ച നടത്തി ചില നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. ടി. എസ്. ജോൺ: ഈ സെൻററുകളിൽ എന്തെല്ലാം ബിൽഡിംഗ് മെറ്റീരിയൽസാണ് ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലും എന്നത്തേയ്ക്ക് ഇത് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. ജെ. ജോസഫ്: ആറായിരം രൂപമുതൽ പതിനായിരം രൂപവരെ ചെലവുവരുന്ന വീടുകൾ ഇന്നുള്ള നിലയിൽത്തന്നെ തീരണമെങ്കിൽ സാധനങ്ങളുടെ വില നിയന്ത്രിക്കേണ്ടിയിരിക്കുന്നു. ഈ വർഷം അത്യാവശ്യസാധനങ്ങൾക്കെല്ലാം 50 ശതമാനം മുതൽ 100 ശതമാനം വരെ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് ഫലപ്രദമായി തടയുന്നതിനും അത്യാവശ്യ സാധനങ്ങൾ ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഏറ്റവും ബുദ്ധിമുട്ടുള്ളത് തടിക്കാണ്. ഓടുമേഞ്ഞ ചെറിയ വീടുകളാണ് നമ്മളിപ്പോൾ നിർമ്മിക്കുന്നത്. ആകെ ചെലവിൻെറ പകുതിയോളം മേൽക്കൂരനിർമ്മിക്കുന്നതിനുവേണ്ടിയാണ്. അതിനാവശ്യമായ കഴുക്കോലും, പട്ടികയും ഇന്ന് ചുരുങ്ങിയ വിലയ്ക്ക് ലഭിക്കുന്നില്ല. 150 രൂപമുതൽ 200 രൂപവരെ വിലയുണ്ടായിരുന്ന തെങ്ങിന് ഇന്ന് ഏതാണ്ട് 500 രൂപവരെയായി വർദ്ധിച്ചിട്ടുണ്ട്. അതിനു

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരമായി ഫെറോ സിമൻറുകൊണ്ട് കഴുക്കോലുമെല്ലാം ഉണ്ടാക്കാൻ കഴിയുമെന്ന് കണ്ടിരിക്കുന്നു. മദ്രാസിലുള്ള സ്ട്രക്ചറൽ എൻജിനീയറിംഗ് സർവ്വീസ്, സെൻററിൻെറ മേൽനോട്ടത്തിൽ ഈയടുത്ത നാളുകളിൽ പാലക്കാട് 86 വീടുകൾ പണിയുന്ന ഒരു ക്യാമ്പ് നടത്തുകയുണ്ടായി. എൻജിനീയേഴ്സും സ്കിൽഡ് ലേബറേഴ്സുമെല്ലാം ഉൾപ്പെട്ടുകൊണ്ടുള്ള ഒരു ക്യാമ്പായിരുന്നു അത്. അപ്പോൾ തടിക്കുപകരമുള്ള സാധനങ്ങൾ കുറഞ്ഞ ചെലവിൽ ഉണ്ടാക്കാമെന്നു വന്നിരിക്കുന്നു. ചുടുകട്ടയ്ക്കും വില വർദ്ധിക്കുകയാണ്. അതിനു പകരമായി ഹോളോ ബ്ലോക്ക് മെഷിനിൽത്തന്നെ ഭിത്തിപണിയുന്നതിനുള്ള കട്ടകൾ ചെലവുകുറച്ച് ഉണ്ടാക്കാൻ കഴിയും. അതുപോലെതന്നെ അത്യാവശ്യമുള്ള മറ്റു സാധനങ്ങൾ വിതരണം ചെയ്യാനും കഴിയും. സിമൻറിനുപകരം സിമൻറിനോടൊപ്പം നമുക്കുപയോഗിക്കാവുന്ന ബിൽഡോ ലൈം (തട്ടുവാർക്കുന്നതിനൊഴിച്ച്) ഉപയോഗിക്കാവുന്ന സാധനങ്ങൾ കർണ്ണാടക ഗവൺമെൻറിൻെറ ആഭിമുഖ്യത്തിൽ നിർമ്മിക്കുന്നുണ്ട്. ഇങ്ങനെയുള്ള പല സാധനങ്ങളും ഈ ബിൽഡിംഗ് സെൻററുകളിൽ നിർമ്മിച്ചുകൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ എല്ലാ ജില്ലകളിലും ഇത് തുടങ്ങാനുദ്ദേശിക്കുന്നുണ്ട്. ഏതാനും ജില്ലകളിൽ സ്ഥലം എടുത്തുകഴിഞ്ഞു. അടുത്ത ഒന്നു രണ്ട് മാസത്തിനുള്ളിൽ ഇതിൻെറ പ്രവർത്തനം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. എസ്. ജോൺ: ഓപ്പൺ മാർക്കറ്റിൽ സാധനങ്ങൾക്ക് വില വർദ്ധനവാണെന്നു പറഞ്ഞു. ഓപ്പൺ മാർക്കറ്റിനേക്കാൾ എത്ര ശതമാനം വില കുറച്ച് ഈ ബിൽഡിംഗ് മെറ്റീരിയൽസ് സാധാരണക്കാരായിട്ടുള്ള ആളുകൾക്ക് കൊടുക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്?

ശ്രീ. പി. ജെ. ജോസഫ്: ലാഭനഷ്ടം കൂടാതെ സാധനങ്ങൾ ഉണ്ടാക്കികൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഓപ്പൺ മാർക്കറ്റിൽ 900 മുതൽ 1000 രൂപ വരെ വിലയുണ്ടായിരുന്ന ഫസ്റ്റ് ക്വാളിറ്റി ഓടിന് 1400 രൂപ മുതൽ 1500 രൂപ വരെ വില വർദ്ധിച്ച് സാഹചര്യത്തിൽ ജില്ലാ കളക്ടർ, ഓടു നിർമ്മാതാക്കളെ വിളിച്ചുകൂട്ടി സംസാരിക്കുകയുണ്ടായി. ഉദാഹരണമായി തൃശ്ശൂരിൽ ആയിരം രൂപയ്ക്കു തന്നെ അവർ ഓടു കൊടുക്കാമെന്ന് സമ്മതിച്ചു. അങ്ങനെയുള്ള നടപടി എടുത്തിട്ടുണ്ട്. ഓപ്പൺ മാർക്കറ്റിലെ വില കൃത്യമായി താരതമ്യപ്പെടുത്താൻ കഴിയുകയില്ല. ഏതായാലും കാര്യമായ കുറവ് ഇക്കാര്യത്തിൽ ഉണ്ടാകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ: ബിൽഡിംഗ് മെറ്റീരിയൽസ് കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്താൻ പോകുന്നുവെന്ന്, മന്ത്രി ഇവിടെ പറഞ്ഞു. കുറഞ്ഞ ചെലവിൽ കെട്ടിടങ്ങൾ പണിയുന്നതിനുള്ള പുതിയ ഡിസൈൻ കണ്ടുപിടിക്കാനും, അത് പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: അഖിലേന്ത്യാടിസ്ഥാനത്തിൽ മൽസരം നടത്തി അതിൽ സമ്മാനം നേടിയ ഒരു പ്ലാനാണ് ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതിയിലെടുത്തിരിക്കുന്നത്. ഡിസൈനേക്കാളുപരി കെട്ടിടങ്ങൾ പുതിയ രീതിയിൽ നിർമ്മിക്കുകയെന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശ്യം. ബിൽഡിംഗ് സെക്ടറിന്റെ ഒരു ഉദ്ദേശ്യം സ്കിൽഡ് ലേബറേഴ്സിനെ ട്രെയിൻ ചെയ്യിക്കുകയെന്നുള്ളതാണ്. ഗ്രാമപ്രദേശങ്ങളിൽ എഞ്ചിനീയർമാരല്ല കെട്ടിടനിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്നതും കെട്ടിടം നിർമ്മിക്കുന്നതും. ഓരോ ജില്ലയിലും അഞ്ഞൂറോ അറുനൂറോ സ്കിൽഡ് ലേബറേഴ്സിനെ ട്രെയിൻ ചെയ്യിക്കാനുള്ള ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഈ ട്രെയിനിംഗിന് വേണ്ട സഹായം ചെയ്യാമെന്ന് എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ എൻജിനീയറിംഗ് വിങ്ങും മദ്രാസിൽ പ്രവർത്തിക്കുന്ന വളരെ പ്രസിദ്ധമായ സ്ട്രക്ച്ചറൽ എഞ്ചിനീയറിംഗ് സർവ്വീസ് സെന്ററുകാരും ഏറ്റിട്ടുണ്ട്. അടുത്തമാസം തന്നെ കൊല്ലത്ത് വിപുലമായ ഒരു ട്രെയിനിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്.

ഡോ. കെ. സി. ജോസഫ്: ഈ ബിൽഡിംഗ് സെന്ററുകൾ ഗവൺമെന്റ് നേരിട്ടാണോ, അതോ ഹൗസിംഗ് ബോർഡിന്റെ മേൽനോട്ടത്തിലാണോ നടത്തുന്നത്? ദുർബലവിഭാഗത്തിൽപെട്ടയാളുകൾക്ക് ലോൺ കൊടുക്കുമ്പോൾ അവർക്ക് ആവശ്യമെങ്കിൽ പണമായി കൊടുക്കാതെ, ആവശ്യമായ മെറ്റീരിയൽസ് ലോണിൽ ഉൾപ്പെടുത്തി കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ചുള്ള സംഘങ്ങൾ ഓരോ ജില്ലയിലും ജില്ലാ കളക്ടർമാർ ചെയർമാനായി രൂപീകരിച്ചുകൊണ്ട് നടത്താനാണ് ഉദ്ദേശിക്കുന്നത്. അതിന് ഫണ്ട് കോയിൽ നിന്നെല്ലാം വായ്പകൾ ലഭിക്കുവാനുള്ള സാദ്ധ്യതകളുണ്ട്. കുറഞ്ഞവിലയ്ക്ക് സാധനങ്ങൾ ലഭ്യമായാൽ ആളുകൾ തന്നിയെ വാങ്ങിക്കൊള്ളുമെന്നാണ് കാണുന്നത്. അത്യാവശ്യ സാധനങ്ങൾക്കുവേണ്ടി ആളുകൾ ധാരാളമായി അന്വേഷിക്കുമ്പോൾ, അത് അത്യാവശ്യ സ്ഥലങ്ങളിൽ ലഭ്യമായാൽ അവർ തന്നെ വാങ്ങിക്കൊള്ളുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. പി. വിജയദാസ്: ഈ ബിൽഡിംഗ് സെന്ററുകൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ഉണ്ടാക്കുന്ന സ്ഥാപനങ്ങൾ നടത്തുമെന്ന് ബഹുമാനപ്പെട്ടമന്ത്രി ഇവിടെ പറഞ്ഞു. അതുപോലെതന്നെ സഹകരണ സംഘം ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെടുന്ന സംഘങ്ങൾക്കുകൂടി ഇത് നടപ്പിലാക്കാനുള്ള അവസരം നൽകുമോ? ഇത് ഭക്ഷ്യവകുപ്പുമന്ത്രി പറയുന്നതുപോലെ ആയിരിക്കുകയുമരുത്.

ശ്രീ. പി. ജെ. ജോസഫ്: പൊതുമേഖലയിലോ സഹകരണ മേഖലയിലോ ഇത്തരം സ്ഥാപനങ്ങൾ ഉണ്ടായാൽ അവർക്ക് ആവശ്യമായ എല്ലാ സഹായവും ചെയ്യണമെന്നാണ് ഗവൺമെന്റ് കരുതുന്നത്. പല ആസ്ഥാനങ്ങളിലും ആരംഭിക്കുന്ന ബിൽഡിംഗ് സെന്ററുകൾവഴി മുഴുവൻ സാധനങ്ങളും സപ്ലൈചെയ്യാൻ കഴിയുകയില്ല. അതിന് നേതൃത്വംകൊടുക്കുകയെന്നുള്ളതാണ് ഈ സ്ഥാപനങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. മറ്റ് മേഖലയിലുള്ളവർ വന്നാലും അതിന് പ്രോൽസാഹനം കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ദിനകരൻ: എല്ലാ ജില്ലയിലും ബിൽഡിംഗ് സെൻറുകൾ ആരംഭിക്കുമെന്ന് മന്ത്രി ഇവിടെ പറഞ്ഞു. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ഏറ്റവും കൂടുതൽ വീടുകൾ നിർമ്മിക്കുന്ന ജില്ലയാണ് ആലപ്പുഴ ജില്ല. അവിടെ പതിനായിരത്തിലധികം വീടുകളുടെ നിർമ്മാണം നടത്തുന്നുണ്ട്. ബിൽഡിംഗ് മെറ്റീരിയൽസ് ഇല്ലാത്തതുകൊണ്ട് ആളുകൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. അടിയന്തിരമായി ആലപ്പുഴ ജില്ലയിൽ ബിൽഡിംഗ് സെൻറർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ആലപ്പുഴ ജില്ലയിൽ ഇതിനുള്ള സ്ഥലം ഇതിനകം കണ്ടെത്തിയിട്ടുണ്ട്. അത് ആലപ്പുഴ പട്ടണത്തിന് സമീപം തന്നെയാണ്. ഇനി ഏറ്റവും അടുത്ത് ബിൽഡിംഗ് സെൻറർ ആരംഭിക്കുന്നത് ആലപ്പുഴ ജില്ലയിൽത്തന്നെയായിരിക്കും.

ശ്രീ. ലോനപ്പൻ നമ്പാടൻ: തടി, സിമൻറ്, കമ്പി തുടങ്ങിയ വേനനിർമ്മാണ സാധനങ്ങൾ ഗവൺമെൻറ് നേരിട്ട് താലൂക്കുകൾതോറും വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. പി. ജെ. ജോസഫ്: കമ്പിയും തടിയും സിമൻറും പരമാവധി ഒഴിവാക്കുകയെന്നതാണ് ഈ നിർമ്മാണകേന്ദ്രംകൊണ്ട് ഉദ്ദേശിക്കുന്നത്. വളരെയധികം കമ്പി ഇതിനാവശ്യമില്ല. അദ്ദേഹം ഉദ്ദേശിച്ചത് ഈ സാധനങ്ങൾ കുഴിയുന്നതും ഗവൺമെൻറ് സ്ഥാപനങ്ങൾ വഴി കൊടുക്കുന്നതിനെയാണ്. സാധനങ്ങൾ വില കുറച്ചു കൊടുക്കുവാനുള്ള സംവിധാനംകൂടി ആലോചിക്കുന്നുണ്ട്.

ശ്രീ. ഇ. ജെ. ലൂക്കോസ്: ജില്ലതോറും ആരംഭിക്കുന്ന നിർമ്മിതികേന്ദ്രങ്ങൾക്ക് എന്തുമാത്രം സ്ഥലം വേണ്ടിവരുമെന്നാണ് ഗവൺമെൻറ് കരുതുന്നത്?

ശ്രീ. പി. ജെ. ജോസഫ്: പല സാധനങ്ങളും, സിമൻറ് ഹോളോ ബ്ലോക്സ് ഉണ്ടാക്കിയാൽ അത് നിരത്തി നനയ്ക്കുന്നതിന് സൗകര്യം വേണം. ഇതിന് മൂന്നു നാലേക്കർ സ്ഥലമെങ്കിലും വേണം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഇന്ന് ഭവന നിർമ്മാണത്തിനാവശ്യമായ സാധനങ്ങളിൽ പ്രധാനപ്പെട്ട ഇഷ്ടിക, ഓട് എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ വിറകിന് വില കൂടുതലാണ്. സാധനങ്ങളുടെ വില വർദ്ധിച്ചതോടൊപ്പം ഗവൺമെൻറ് കൂപ്പിൽ നിന്നു കൊടുക്കുന്ന വിറകിനുപോലും രണ്ട് ഇരട്ടി വില വർദ്ധിച്ചു. ഇഷ്ടിക കമ്പനികൾക്കും ഓട്ടുകമ്പനികൾക്കും ഈ ആവശ്യത്തിന് പ്രത്യേകമായി കൊടുക്കുന്ന വിറകിന് വില കുറച്ചു കൊടുക്കുന്നതിനുള്ള സംവിധാനത്തെപ്പറ്റി ആലോചിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ധാരാളമായി മൽസര രംഗത്തുള്ള മാനുഫാക്ചറേഴ്സ് ഉണ്ട്. ഇവരിൽ ആർക്ക് കൊടുക്കാൻ കഴിയുമെന്ന് പറയുക ബുദ്ധിമുട്ടാണ്. ഇഷ്ടികയ്ക്ക് പകരമുള്ള ഹോളോ ബ്ലോക്സ് വൻതോതിൽ ഉണ്ടാക്കാൻ കഴിയും. അപ്പോൾ അവിടെയുള്ള വിലവർദ്ധനവ് ആ നിലയിൽ തടയാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ഓടിന്റെ കാര്യത്തിൽ തീർച്ചയായും ചില നടപടികളും ആവശ്യമായിട്ടുണ്ട്. അതിനെപ്പറ്റി വനംവകുപ്പു മന്ത്രിയുമായി ചർച്ച ചെയ്യുന്നതാണ്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: മന്ത്രി പറഞ്ഞത് സിമന്റും ഓടും പരമാവധി ഒഴിവാക്കുന്നതിനുവേണ്ടിയാണ് ബിൽഡിംഗ് സെൻറ്റുകൊണ്ട് പ്രധാനമായി ആലോചിക്കുന്നത് എന്നാണ്. കേരളത്തിന്റെ കാലാവസ്ഥയിൽ അത് നടപ്പിലാക്കാമോ എന്ന് പറയാറായിട്ടില്ലായെന്നാണ് സാങ്കേതിക വിദഗ്ദ്ധൻമാരുടെ സമ്മേളനത്തിൽ അവർ പറഞ്ഞത് എന്ന് പത്രങ്ങളിൽ വന്നു. പരീക്ഷണത്തിനെക്കുറിച്ച് ഉറപ്പുകിട്ടുന്നതിനുമുൻപ് എടുത്തു ചാടാതെ താഴ്ന്ന വരുമാനക്കാർക്ക് മരം, സിമൻറ്, ഓട് തുടങ്ങിയ ബിൽഡിംഗ് മെറ്റീരിയൽസ് കുറഞ്ഞ വിലയ്ക്ക് കിട്ടുന്നതിനുള്ള സംവിധാനം ബിൽഡിംഗ് സെന്ററുകൾ വഴി ഉണ്ടാക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: അദ്ദേഹം ഉദ്ദേശിച്ചത് ഓടുമേഞ്ഞ കെട്ടിടങ്ങളാണ് കേരളത്തിന് അനുയോജ്യമായിട്ടുള്ളത് എന്നാണ്. ഓട് ഒഴിവാക്കുന്ന കാര്യം ആലോചിച്ചിട്ടേയില്ല. ഓട് മേഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള തടിയ്ക്ക് വില വർദ്ധിച്ചിരിക്കുന്നു. അതിനുള്ള കഴുക്കോൽ, പട്ടിയൽ, ഉത്തരം തുടങ്ങിയ സാധനങ്ങൾക്ക് വില വർദ്ധിച്ചിരിക്കുന്നു. ആ സാധനങ്ങൾ ഫെറോസ് സിമൻറ് കൊണ്ട് വളരെക്കാലം നിൽക്കത്തക്കവിധത്തിൽ ഉണ്ടാക്കാൻ കഴിയുമെന്ന് തെളിയിച്ചിരിക്കുന്നു. ഇത് വൻതോതിൽ ഉപയോഗിക്കുന്നുണ്ട്. പരീക്ഷണാർത്ഥം പാലക്കാട്ടുതന്നെ കുറേ വീടുകൾ പണിതുകൊണ്ടിരിക്കുകയാണ്.

Dr. A. Subba Rao: Is the Government aware that as per the present design and structural stipulation such as the granite basement, laterite walls and cement plastering, the building which is supposed to cost Rs. 6,000 will cost not less than Rs. 12,000 and if so, will the Government propose to alter the design and structural stipulation or increase the amount of loan given for the houses?

ശ്രീ. പി. ജെ. ജോസഫ്: അദ്ദേഹം പറയുന്നത്, ആറായിരം രൂപയുടെ വീട് 210 സ്ക്വയർ ഫീറ്റാണുള്ളത്. അതിന് ചെലവ് വർദ്ധിച്ചിരിക്കുന്നുവെന്നാണ്. ഗവൺമെൻറ് അതിന് മുഴുവൻ ചെലവും കൊടുക്കുകയെന്നുള്ളതല്ല; സഹായിക്കുകയെന്നുള്ളതാണ്. ആറായിരം രൂപ കൊടുത്തിട്ടുതന്നെ ഈ സെപ്റ്റംബർ 30-നുള്ളിൽ കേരളത്തിൽ ഒരു ലക്ഷം വീടുകൾ തീരാൻ പോകുകയാണ്. ഈ തുക മടക്കി അടയ്ക്കേണ്ടതാണ്. അവരുടെ ബാദ്ധ്യത വളരെ കൂടും. അതുകൊണ്ട് ഈ തുക വർദ്ധിപ്പിക്കുന്നത് തീർച്ചയായിട്ടും നന്നായിരിക്കുകയില്ല. സാധനങ്ങൾ വില കുറച്ച് കൊടുക്കുകയെന്നുള്ളതാണ് കരണീയമായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly